## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2695 — 11.10.2011-ൽ മറുപടിയ്ക്ക്

# പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്പോട്ടുകൾ കണ്ടെത്തുന്നതിന് നടപടി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഇല്ല. എന്നാൽ ടൂറിസം നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. 2011 നവംബർ 30 വരെ ഈ കരട് നയത്തെപ്പറ്റിയുള്ള അഭിപ്രായവും നിർദ്ദേശങ്ങളും സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി 3 മാസത്തിനകം ടൂറിസം നയം പ്രഖ്യാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്പോട്ടുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ, ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, ടൂറിസം വകുപ്പിന്റെ വിവിധ ഓഫീസുകൾ, ടൂറിസം പ്രൊഫഷണലുകൾ, വിവിധ കൺസൾട്ടണ്ടുമാർ തുടങ്ങിയവരുടെ സഹായത്തോടെയാണ് ടൂറിസം വകുപ്പ് പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നത്. ഇങ്ങനെ കണ്ടെത്തുന്ന കേന്ദ്രങ്ങൾ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികളിൽപ്പെടുത്തി വികസിപ്പിക്കുന്നു. ഇതിൽ സംസ്ഥാന |

സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ/ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾക്ക് അനുവദിക്കുന്ന പ്രത്യേക പദ്ധതി, കേന്ദ്ര ടൂറിസം വകുപ്പിന്റെ സർക്യൂട്ട്/ ഡെസ്റ്റിനേഷൻ പദ്ധതികൾ, റൂറൽ ടൂറിസം പദ്ധതി എന്നിവയാണ് പ്രധാനപ്പെട്ടവ.

| | |
|---|---|
| (സി) ടൂറിസം വികസന പദ്ധതികളിൽ സ്വകാര്യ മൂലധനനിക്ഷേപത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) 10 കോടിക്കുമേൽ മുതൽ മുടക്കുള്ള ടൂറിസം പദ്ധതികളുടെ ക്ളിയറൻസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഫാസ്റ്റ് ട്രാക് ക്ളിയറൻസ് സംവിധാനം നടപ്പിലാക്കുക, ഉത്തരവാദ ടൂറിസം ക്ളാസിഫിക്കേഷന് അർഹത നേടുന്ന ടൂറിസം സംരംഭങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് നൽകുക, അവികസിത പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾക്ക് ആഡംബര നികുതി ഹോളിഡേ അനുവദിക്കുക, ടൂർ ഓപ്പറേറ്റേഴ്സ്, ഹോംസ്റ്റേ, ആയുർവേദ സെന്റർ തുടങ്ങിയ രംഗങ്ങളിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആദ്യത്തെ മൂന്നു വർഷം പ്രോത്സാഹന പദ്ധതി നടപ്പിലാക്കുക, ഹോംസ്റ്റേ സംരംഭകർക്ക് വൈദ്യുതിയും, ശുദ്ധ ജലവും ഡൊമസ്റ്റിക് നിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക എന്നിവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ